**കേരള സർക്കാർ**

**നം.75/ഡി.എ 1/2017-തസ്വഭവ**
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി : 10.02.2017.

# സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ്-മരാമത്ത് പ്രവൃത്തികൾക്ക് ടാർ വാങ്ങുന്നത്-സംബന്ധിച്ച്.

സൂചന:- 1. സ.ഉ.(സാധാ) നം. 3049/2016/തസ്വഭവ തീയതി 8/11/2016

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 28/12/2016-ലെ 3.99-ാം നമ്പർ തീരുമാനം
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 18/01/2017-ലെ 2.6-ാം നമ്പർ തീരുമാനം
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 01/02/2017-ലെ 2.16-ാം നമ്പർ തീരുമാനം
5. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ മേയറുടെ 09/02/2017ലെ കത്ത്

പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ടാർ വാങ്ങി നല്കുന്നതിനുള്ള പ്രവൃത്തിയുടെ അടങ്കൽ തുക 15 ലക്ഷം രൂപയിൽ നിന്നും 30 ലക്ഷമാക്കി ഉയർത്തുകയും, കരാറുകാർ ടാർ വാങ്ങുകയാണെങ്കിൽ കർശനമായി ഒറിജനൽ ബിൽ സമർപ്പിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. പരാമർശം(2) പ്രകാരം സിഡ്കോ മുഖേന ബിറ്റുമിൻ വാങ്ങുന്നതിനുള്ള അനുമതി നിരസിച്ചിരുന്നു. എന്നാൽ പദ്ധതി പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിനായി പല കരാറുകാരും പ്രവൃത്തികൾക്കാവശ്യമായ ടാർ വാങ്ങുന്നതിന് സിഡ്കോയെ സമീപിച്ചിട്ടുണ്ടെന്നും ആയതിനാൽ ഈ സാമ്പത്തിക വർഷം സിഡ്കോയിൽ നിന്ന് ടാർ വാങ്ങുന്നതിന് അനുമതി നൽകണമെന്നും പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സർക്കാരിനോട് അപേക്ഷിക്കുകയുണ്ടായി.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളുടെ ഭാഗമായി നടത്തുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഈ സാമ്പത്തിക വർഷം ആവശ്യമായി വരുന്ന ടാർ എത്രയെന്ന് കണ്ടെത്തുകയും ആയത് പൊതുമേഖലാ എണ്ണ കമ്പനികളിൽ നിന്നും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം നേരിട്ടു വാങ്ങി കോൺട്രാക്ടർമാരുടെ ആവശ്യപ്രകാരം അടിയന്തിരമായി ലഭ്യമാക്കേണ്ടതുമാണ്. നിലവിലുള്ള ഉത്തരവിന് വിധേയമായി എസ്റ്റിമേറ്റിൽ പറയും പ്രകാരം ആവശ്യാനുസരണം ബിറ്റുമിൻ വാങ്ങി സൂക്ഷിക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയാണ്. ആയത് കർശനമായി പാലിക്കേണ്ടതാണ്. ഇതിന് മുടക്കം വന്നാൽ ആയത് ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വീഴ്ചയായി കാണുന്നതും നടപടി സ്വീകരിക്കുന്നതുമാണ്.

**എ.കെ.മോഹനകുമാർ**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം.

എല്ലാ പഞ്ചായത്ത് ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**